# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| നവംബർ<br>NOVEMBER | 16 | 2020 |
|---|---|---|



## ശബരിമല പത്രക്കുറിപ്പ്–1

ഫോൺ : 04735–202664

www.prd.kerala.gov.in, prdsabarimala2020@gmail.com

---

# സുഗമ ദർശനത്തിന് ക്രമീകരണം പൂർത്തിയായി: മന്ത്രി കടകംപള്ളി സുരേന്ദ്രൻ

ശബരിമല മണ്ഡല – മകരവിളക്ക് തീർഥാടന കാലത്ത് തീർഥാടകർക്ക് സുഗമമായ ദർശനം നൽകുന്നതിനുള്ള എല്ലാ ക്രമീകരണങ്ങളും പൂർത്തിയായെന്ന് ദേവസ്വം വകുപ്പ് മന്ത്രി കടകംപള്ളി സുരേന്ദ്രൻ പറഞ്ഞു. ശബരിമല സന്നിധാനത്ത് വിവിധ വകുപ്പുകളുടെ അവലോകന യോഗത്തിനു ശേഷം സംസാരിക്കുകയായിരുന്നു മന്ത്രി. കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചും ഹൈക്കോടതി നിർദേശങ്ങൾ അനുസരിച്ചുമാണ് തയാറെടുപ്പുകൾ പൂർത്തിയാക്കിയത്.

ഇത്തവണ ദർശനത്തിനെത്തുന്ന ഭക്തർക്ക് കുടിവെള്ള വിതരണത്തിനുള്ള പ്രത്യേക സൗകര്യമേർപ്പെടുത്തിയിട്ടുണ്ട്. ഓഷധ ജലമാണ് വിതരണം നടത്തുക. പമ്പ ഗണപതി കോവിലിനടുത്താണ് കൗണ്ടർ സ്ഥാപിച്ചിട്ടുള്ളത്. ഒരു ലിറ്റർ വെള്ളം കൊള്ളുന്ന സ്റ്റെയിൻലസ് സ്റ്റീൽ പാത്രത്തിലാണ് ജലം വിതരണം ചെയ്യുന്നത്. ഇതിനായി 200 രൂപ ഡെപ്പോസിറ്റ് ചെയ്യണം. ദർശനം പൂർത്തിയാക്കി മടങ്ങി പമ്പയിലെത്തി പാത്രം തിരികെ നൽകുമ്പോൾ ഡെപ്പോസിറ്റ് തുക തിരികെ നൽകും. ചരൽമേട്, ജ്യോതി നഗർ, മാളികപ്പുറം എന്നിവിടങ്ങളിൽ വെള്ളം നിറയ്ക്കുന്നതിനുള്ള സൗകര്യമുണ്ട്.

സാമൂഹിക അകലം പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തും. സന്നിധാനത്ത്

എത്തുമ്പോൾ മുതൽ വലിയ നടപ്പന്തൽ, ലോവർ തിരുമുറ്റം, അപ്പർ തിരുമുറ്റം, മാളികപ്പുറം, പ്രസാദം കൗണ്ടറുകൾ, അന്നദാന മണ്ഡപം എന്നിവിടങ്ങളിൽ ഭക്തർക്ക് സാമൂഹിക അകലം പാലിച്ച് നിൽക്കുന്നതിനുള്ള മാർക്കിംഗ് നടത്തിയിട്ടുണ്ട്. അണു നശീകരണത്തിന്റെ ഭാഗമായി വലിയ നടപ്പന്തലിന്റെ തുടക്കത്തിൽ ശുദ്ധജലം ഉപയോഗിച്ച് കാൽ കഴുകുന്നതിനുള്ള സംവിധാനവും ശേഷം സാനിറ്റൈസർ ഉപയോഗിച്ച് ശുചിയാക്കാനുള്ള സംവിധാനവും ഒരുക്കിയിട്ടുണ്ട്. ഭക്തർ നടക്കുന്ന സ്ഥലങ്ങളായ വലിയ നടപ്പന്തൽ, ലോവർ തിരുമുറ്റം, അപ്പർ തിരുമുറ്റം, മാളികപ്പുറം, മാളികപ്പുറം തിരുമുറ്റം, ഫ്ളൈഓവർ, എന്നിവിടങ്ങളിൽ ക്ലോറിനേറ്റ് ചെയ്ത വെള്ളം ഉപയോഗിച്ച് അണുവിമുക്തമാക്കും.

അന്നദാന മണ്ഡപം, ദേവസ്വം മെസ്, പോലീസ് മെസ്, ഭണ്ഡാരം എന്നിവിടങ്ങളിൽ തെർമ്മൽ വേപ്പറൈസേഷൻ ഫോഗിംഗ് മെഷീൻ ഉപയോഗിച്ച് അണുവിമുക്തമാക്കും. 23 സ്ഥലത്ത് പെഡസ്ട്രിയൽ ടൈപ്പ് ഹാൻഡ് സാനിറ്റൈസറുകൾ സ്ഥാപിച്ചിട്ടുണ്ട്. നെയ്ത്തേങ്ങ സ്വീകരിക്കുന്ന സ്ഥലം, സ്റ്റാഫ് ഒൺലി ഗേറ്റ്, എക്സിക്യൂട്ടീവ് ഓഫീസിനു മുൻവശം, എന്നിവിടങ്ങളിൽ സെൻസറുള്ള ഹാൻഡ് സാനിറ്റൈസറുകൾ സ്ഥാപിക്കും. തൊഴിലാളികൾക്ക് എല്ലാവർക്കും മാസ്കും, ഗ്ലൗസും നൽകിയിട്ടുണ്ട്. തീർഥാടകരോട് നേരിട്ട് ഇടപഴകേണ്ടി വരുന്ന തൊഴിലാളികൾക്ക് ഫേസ് ഷീൽഡും നൽകിയിട്ടുണ്ട്.

അന്നദാന മണ്ഡപത്തിൽ ഓരോ തവണ ആഹാരം കഴിച്ചതിനു ശേഷവും അണുവിമുക്തമാക്കും. ശൗചാലയങ്ങൾ ഓരോ വ്യക്തികൾ ഉപയോഗിച്ചു കഴിയുമ്പോഴും അണുവിമുക്തമാക്കും. മാസ്കും, ഗ്ലൗസും ഇടുന്നതിനായി ബിന്നുകൾ സ്ഥാപിച്ചിട്ടുണ്ട്. രോഗം കണ്ടെത്തുന്ന തീർഥാടകരെ നാട്ടിൽ എത്തിക്കാൻ ആംബുലൻസ് സൗകര്യമേർപ്പെടുത്തിയിട്ടുണ്ട്. സിഎഫ്എൽടിസിയിൽ ചികിത്സ വേണ്ടവർക്ക് ചികിത്സ ഉറപ്പുവരുത്തും. ശബരിമലയെ തകർക്കുക എന്ന ലക്ഷ്യത്തോടെ വർഗീയ ശക്തികൾ ഓൺലൈൻ മാധ്യമങ്ങൾ വഴിയും, പ്രാദേശിക മാധ്യമങ്ങൾ വഴിയും ശബരിമലക്കെതിരേ വാർത്ത പടച്ചു വിട്ടിരുന്നു. അവയെല്ലാം വിശ്വാസ സമൂഹം തള്ളിക്കളയുകയാണ് ചെയ്തതെന്നും മന്ത്രി പറഞ്ഞു.

പമ്പ മുതൽ സന്നിധാനം വരെയുള്ള തീർഥാടന പാതയിൽ അഞ്ച് അടിയന്തിര ഘട്ട വൈദ്യസഹായ കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. 20 ആംബുലൻസുകളും ആരോഗ്യ വകുപ്പ് സജ്ജീകരിച്ചിട്ടുണ്ട്. പമ്പ, എരുമേലി, സന്നിധാനം എന്നിവിടങ്ങളിൽ ആയുർവേദ വകുപ്പ് താൽക്കാലിക ഡിസ്പൻസറികൾ ആരംഭിച്ചു. വനം വകുപ്പ് പമ്പാ, സന്നിധാനം എന്നിവിടങ്ങളിൽ കൺട്രോൾ റൂം സ്ഥാപിച്ചു പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. അയ്യപ്പസേവാസംഘത്തിന്റെ എട്ട് സ്ട്രെച്ചറുകളും, 60 വോളണ്ടിയർമാരും പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

ദേവസ്വം ബോർഡ് പ്രസിഡന്റ് അഡ്വ.എൻ.വാസു, ദേവസ്വം ബോർഡ് അംഗങ്ങളായ അഡ്വ.കെ.എസ്. രവി, അഡ്വ.എൻ. വിജയകുമാർ, എക ്സിക്യൂട്ടീവ് ഓഫീസർ വി.എസ്. രാജേന്ദ്രപ്രസാദ്, ദേവസ്വം കമ്മീഷണർ ബി.എസ്. തിരുമേനി, ചീഫ് എഞ്ചിനീയർ കൃഷ്ണകുമാർ, ഐ.ജി. എസ്.ശ്രീജിത്ത്, പോലീസ് സന്നിധാനം സ്പെഷ്യൽ ഓഫീസർ ബി. കൃഷ്ണകുമാർ തുടങ്ങിയവർ പങ്കെടുത്തു.

ഫോട്ടോ അടിക്കുറിപ്പ്– ശബരിമല മീറ്റിംഗ് മിനിസ്റ്റർ–
ശബരിമല സന്നിധാനത്ത് വിവിധ വകുപ്പുകളുടെ അവലോകന യോഗത്തിൽ അധ്യക്ഷത വഹിച്ച് ദേവസ്വം വകുപ്പ് മന്ത്രി കടകംപള്ളി സുരേന്ദ്രൻ സംസാരിക്കുന്നു. *(പി.ആർ. ശബരി–1)*



# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| നവംബർ<br>NOVEMBER | 16 | 2020 |
|---|---|---|



## ശബരിമല പത്രക്കുറിപ്പ്–2

ഫോൺ : 04735–202664
www.prd.kerala.gov.in, prdnewssabarimala2021@gmail.com

---

### പുണ്യം പൂങ്കാവനം പദ്ധതിക്ക് തുടക്കമായി;
### പുതിയ വെബ്സൈറ്റ് നിലവിൽ വന്നു

നമ്മുടെ പൈതൃകസ്വത്തായ കുളങ്ങളും കാവുകളും യാതൊരുവിധ മാലിന്യവുമില്ലാതെ കാത്തുസൂക്ഷിക്കുന്നതിന് പുതിയതലമുറ മുന്തിയ പരിഗണന നൽകണമെന്ന് ശബരിമല തന്ത്രി കണ്ഠരര് രാജീവര് നിർദേശിച്ചു. പുണ്യം പൂങ്കാവനം പദ്ധതിയുടെ പ്രവർത്തനങ്ങൾ കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കണമെന്നും അദ്ദേഹം പറഞ്ഞു. ശബരിമല സന്നിധാനത്ത് പുണ്യം പൂങ്കാവനം പദ്ധതിയുടെ ഇക്കൊല്ലത്തെ പ്രവർത്തനങ്ങൾ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

മാലിന്യം നീക്കം ചെയ്യുന്നതിനേക്കാൾ പുണ്യമായ പ്രവൃത്തി വേറെയില്ലെന്ന് ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് പി.ഗോപിനാഥ് അഭിപ്രായപ്പെട്ടു. എന്നാൽ, മാലിന്യം സൃഷ്ടിച്ചശേഷം നീക്കം ചെയ്യുന്നതിനേക്കാൾ അവ ഉണ്ടാകാതെ നോക്കുകയാണ് വേണ്ടതെന്ന് അദ്ദേഹം പറഞ്ഞു.

കേരളത്തിലെ ജനത പ്രതിബദ്ധതയോടെ സ്വീകരിച്ച പദ്ധതിയാണ് പുണ്യം പൂങ്കാവനമെന്ന് കഴിഞ്ഞ 10 വർഷത്തെ പ്രവർത്തനം കൊണ്ട് വ്യക്തമാകുന്നതായി ചടങ്ങിൽ ഓൺലൈനിൽ അധ്യക്ഷത വഹിച്ച സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹ്റ അഭിപ്രായപ്പെട്ടു.

പുണ്യം പൂങ്കാവനം പദ്ധതിയുടെ പരിഷ്കരിച്ച വെബ്സൈറ്റ് തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് എൻ. വാസു പ്രകാശനം ചെയ്തു. ശബരിമല മേൽശാന്തി ജയരാജ് നമ്പൂതിരി, മാളികപ്പുറം മേൽശാന്തി റെജികുമാർ നമ്പൂതിരി, ഐജിമാരായ എസ്.ശ്രീജിത്ത്, പി.വിജയൻ, തമിഴ്നാട് മുൻ ചീഫ് സെക്രട്ടറി ശാന്ത ഷീലാ നായർ, സന്നിധാനം പോലീസ് സ്പെഷ്യൽ ഓഫീസർ ബി.കൃഷ്ണകുമാർ എന്നിവർ ചടങ്ങിൽ സംബന്ധിച്ചു.

ഉദ്ഘാടനചടങ്ങിനുശേഷം ഐജി പി.വിജയന്റെ നേതൃത്വത്തിലുള്ള പോലീസ് ഉദ്യോഗസ്ഥരുടേയും വോളണ്ടിയർമാരുടേയും സംഘം ഭസ്മക്കുളവും പരിസരപ്രദേശങ്ങളും ശുചീകരിച്ചു. ***(പി.ആർ. ശബരി-2)***

**ഫോട്ടോ അടിക്കുറിപ്പ്- പുണ്യം പൂങ്കാവനം ഐജി വിജയൻ-**
പുണ്യം പൂങ്കാവനം പദ്ധതിയുടെ ഇക്കൊല്ലത്തെ ഉദ്ഘാടനചടങ്ങിനു ശേഷം ശബരിമലയിലെ ഭസ്മക്കുളവും പരിസരപ്രദേശവും ഐജി പി. വിജയന്റെ നേതൃത്വത്തിലുള്ള സംഘം ശുചീകരിക്കുന്നു.

**ഫോട്ടോ അടിക്കുറിപ്പ്- പുണ്യം പൂങ്കാവനം തന്ത്രി കണ്ഠരര് രാജീവര്-**
പുണ്യം പൂങ്കാവനം പദ്ധതിയുടെ ഇക്കൊല്ലത്തെ പ്രവർത്തനോദ്ഘാടനം തന്ത്രി കണ്ഠരര് രാജീവര് ഉദ്ഘാടനം ചെയ്യുന്നു.


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| നവംബർ | | |
|---|---|---|
| **NOVEMBER** | **16** | **2020** |



## ശബരിമല പത്രക്കുറിപ്പ്–3

ഫോൺ : 04735–202664

*www.prd.kerala.gov.in, prdnewssabarimala2021@gmail.com*

---

### സന്നിധാനത്തെ സൗജന്യ അന്നദാന വിതരണത്തിന് തുടക്കമായി

ശബരിമല മണ്ഡല– മകരവിളക്ക് തീർഥാടനകാലത്ത് ദേവസ്വം ബോർഡ് സന്നിധാനം മാളികപ്പുറത്തെ അന്നദാന മണ്ഡപത്തിൽ നടത്തുന്ന സൗജന്യ അന്നദാന വിതരണത്തിന്റെ ഉദ്ഘാടനം ദേവസ്വം മന്ത്രി കടകംപള്ളി സുരേന്ദ്രൻ നിർവഹിച്ചു.

അന്നദാന മണ്ഡപത്തിൽ തീർഥാടകർക്ക് രാവിലെ ആറ് മുതൽ ഉച്ചക്ക് 11.30 വരെ ഉപ്പുമാവും കടലക്കറിയും ചുക്ക് കാപ്പിയും ലഭിക്കും. ഉച്ചക്ക് 12 മുതൽ ഉച്ചയ്ക്ക് നടയടയ്ക്കുന്നത് വരെ പുലാവ് വിതരണം ചെയ്യും. വൈകിട്ട് 4.30 മുതൽ രാത്രി നടയടയ്ക്കുന്നതുവരെ ഉപ്പ് മാവ്, ഉള്ളിക്കറി എന്നിവ ലഭിക്കും.

ദേവസ്വം ബോർഡ് പ്രസിഡന്റ് അഡ്വ.എൻ. വാസു, ദേവസ്വം മെമ്പർമാരായ അഡ്വ.എൻ. വിജയകുമാർ, അഡ്വ. കെ.എസ്. രവി, ദേവസ്വം കമ്മീഷണർ ബി.എസ്. തിരുമേനി, സ്പെഷ്യൽ കമ്മീഷണർ എം. മനോജ്, ചീഫ് എൻജിനീയർ കൃഷ്ണകുമാർ, എക്സിക്യൂട്ടീവ് ഓഫീസർ വി.എസ്. രാജേന്ദ്രപ്രസാദ്, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് ഓഫീസർ ഗോപകുമാർ, അന്നദാനം സ്പെഷ്യൽ ഓഫീസർ ബി. ദിലീപ്കുമാർ തുടങ്ങിയവർ പങ്കെടുത്തു. ***(പി.ആർ. ശബരി–3)***

## സന്നിധാനത്തെ ധനലക്ഷ്മി ബാങ്കിന്റെ ഉത്സവകാല ശാഖ പ്രവർത്തനം തുടങ്ങി

ധനലക്ഷ്മി ബാങ്കിന്റെ സന്നിധാനത്തെ ശബരിമല മണ്ഡല- മകരവിളക്ക് ഉത്സവകാല ശാഖയുടെ പ്രവർത്തന ഉദ്ഘാടനം ദേവസ്വം മന്ത്രി കടകംപള്ളി സുരേന്ദ്രൻ നിർവഹിച്ചു. സാധാരണ ഒരു ദിവസം ഒരു ലക്ഷം തീർഥാടകർ എത്തിയിരുന്നിടത്ത് കോവിഡ് പശ്ചാത്തലത്തിൽ ഇപ്പോൾ 1000 പേരെയാണ് പ്രവേശിപ്പിക്കുന്നത്. എന്നാൽ, തീർഥാടകർക്ക് സൗകര്യം ഒരുക്കുന്നതിൽ സർക്കാർ ഒരു കുറവും

വരുത്തിയിട്ടില്ലെന്ന് ദേവസ്വം മന്ത്രി കടകംപള്ളി സുരേന്ദ്രൻ പറഞ്ഞു. നാലു പതിറ്റാണ്ടായി ധനലക്ഷ്മി ബാങ്കാണ് ശബരിമലയിലെ സാമ്പത്തിക കാര്യങ്ങളുടെ ചുമതല ഏറ്റെടുത്ത് വളരെ ഫലപ്രദമായി പ്രവർത്തിക്കുന്നത്. അവശ്യമായ സേവനങ്ങൾ ഒരുക്കിയാണ് ധനലക്ഷ്മി ബാങ്ക് സന്നിധാനത്ത് പ്രവർത്തിക്കുന്നതെന്നും ദേവസ്വം മന്ത്രി പറഞ്ഞു.

ചടങ്ങിൽ ദേവസ്വം ബോർഡ് പ്രസിഡന്റ് അഡ്വ.എൻ. വാസു, ദേവസ്വം മെമ്പർമാരായ അഡ്വ.എൻ. വിജയകുമാർ, അഡ്വ. കെ.എസ് രവി, ദേവസ്വം കമ്മീഷണർ ബി.എസ്. തിരുമേനി, സ്പെഷ്യൽ കമ്മീഷണർ എം. മനോജ്, ചീഫ് എൻജിനീയർ കൃഷ്ണകുമാർ, എക്സിക്യുട്ടീവ് ഓഫീസർ വി.എസ്. രാജേന്ദ്രപ്രസാദ്, ധനലക്ഷ്മി ബാങ്ക് കോ- ഓപ്പറേറ്റീവ് ഓഫീസ് തൃശൂർ അസിസ്റ്റന്റ് ജനറൽ മാനേജർ എം.പി. ശ്രീകുമാർ, തിരുവനന്തപുരം റീജണൽ മാനേജർ അരുൺ സോമനാഥൻ നായർ, സന്നിധാനം ബ്രാഞ്ച് മാനേജർ എം. സുമേഷ്, ദേവസ്വം ബോർഡ് സ്റ്റാൻഡിംഗ് കൗൺസെൽ ബിജു തുടങ്ങിയവർ പങ്കെടുത്തു. ***(പി.ആർ. ശബരി-4)***

**ഫോട്ടോ അടിക്കുറിപ്പ്- അന്നദാനം മിനിസ്റ്റർ-**

സന്നിധാനത്തെ അന്നദാന മണ്ഡപത്തിൽ ദേവസ്വം ബോർഡ് നടത്തുന്ന സൗജന്യ അന്നദാന വിതരണത്തിന്റെ ഉദ്ഘാടനം ദേവസ്വം മന്ത്രി കടകംപള്ളി സുരേന്ദ്രൻ നിർവഹിക്കുന്നു.

**ഫോട്ടോ അടിക്കുറിപ്പ്-ധനലക്ഷ്മി മിനിസ്റ്റർ-**

ധനലക്ഷ്മി ബാങ്കിന്റെ സന്നിധാനത്തെ ശബരിമല മണ്ഡല- മകരവിളക്ക് ഉത്സവകാല ശാഖയുടെ പ്രവർത്തന ഉദ്ഘാടനം ദേവസ്വം മന്ത്രി കടകംപള്ളി സുരേന്ദ്രൻ നിർവഹിക്കുന്നു.

**ഫോട്ടോ അടിക്കുറിപ്പ്- ദർശനം-**

ശബരിമല സന്നിധാനത്ത് ദേവസ്വം മന്ത്രി കടകംപള്ളി സുരേന്ദ്രൻ ദർശനം നടത്തുന്നു.

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

## കേരള സർക്കാർ

### ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| നവംബർ<br>NOVEMBER | 16 | 2020 |
|---|---|---|



### ശബരിമല പത്രക്കുറിപ്പ്-4

ഫോൺ : 04735-202664

www.prd.kerala.gov.in, prdnewssabarimala2021@gmail.com

---

## ശബരിമല: ആരോഗ്യവകുപ്പിന്റെ ഒരുക്കങ്ങൾ അവലോകനം ചെയ്തു

ശബരിമല മണ്ഡല-മകരവിളക്ക് മഹോത്സവത്തോട് അനുബന്ധിച്ച് ആരോഗ്യവകുപ്പ് ഒരുക്കുന്ന സേവനങ്ങൾ വിശകലനം ചെയ്യുന്നതിനായി ആരോഗ്യവകുപ്പ് ഡയറക്ടർ ഡോ.ആർ.എൽ സരിതയുടെ നേതൃത്വത്തിൽ പമ്പ ഗവ. ആശുപത്രിയിൽ അവലോകന യോഗം ചേർന്നു. ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. എ.എൽ. ഷീജ അധ്യക്ഷത വഹിച്ചു. ശബരിമല സ്റ്റേറ്റ് നോഡൽ ഓഫീസർ ഡോ. എം.ജെ. അജൻ, സ്റ്റേറ്റ് ഹെൽത്ത് ഏജൻസി ജോയിന്റ് ഡയറക്ടർ ഡോ. ബിജോയ്, സ്റ്റേറ്റ് അർബൻ ഹെൽത്ത് മിഷൻ നോഡൽ ഓഫീസർ ഡോ.ലതീഷ്, സ്റ്റേറ്റ് മാസ് മീഡിയ ഓഫീസർ കെ.എൻ. അജയ്, ശബരിമല ജില്ലാ നോഡൽ ഓഫീസർ ഡോ. ആർ. സന്തോഷ് കുമാർ, ജില്ലാ സർവൈലൻസ് ഓഫീസർ ഡോ. സി.എസ്. നന്ദിനി, ഡെപ്യൂട്ടി ഡിഎംഒ ഡോ. രശ്മി, ജില്ലാ എഡ്യൂക്കേഷൻ ആൻഡ് മീഡിയ ഓഫീസർ എ.സുനിൽകുമാർ തുടങ്ങിയവർ പങ്കെടുത്തു.

**തീർഥാടന കാലത്തെ പ്രവർത്തനങ്ങൾ**

നിലയ്ക്കൽ, പമ്പ, സന്നിധാനം എന്നീ ആശുപത്രികളിൽ 24 മണിക്കൂർ കാഷ്വാലിറ്റി, ലാബ്, ഫാർമസി സൗകര്യങ്ങൾ, പമ്പയിലും സന്നിധാനത്തും

വെന്റിലേറ്റർ ഉൾപ്പെടെയുള്ള ഐസിയു സൗകര്യങ്ങൾ, പമ്പ, നിലയ്ക്കൽ, സന്നിധാനം ആശുപത്രികളിൽ ഡ്യൂട്ടി ഡോക്ടർമാർ, പാരാ മെഡിക്കൽ സ്റ്റാഫ് എന്നിവരുടെ സേവനം, പമ്പ, നിലയ്ക്കൽ, സന്നിധാനം ആശുപത്രികളിൽ കാർഡിയോളജിസ്റ്റ്, ഓർത്തോ എന്നിവരുടെ സേവനം തുടങ്ങിയവ ലഭ്യമാക്കിയിട്ടുണ്ട്.

പമ്പ മുതൽ സന്നിധാനം വരെയുള്ള സ്വാമി അയ്യപ്പൻ റോഡിൽ അഞ്ച് എമർജൻസി മെഡിക്കൽ കെയർ സെന്ററുകൾ, ഓക്സിജൻ സിലിണ്ടർ, നെബുലൈസർ തുടങ്ങിയ ഉപകരണങ്ങളും, നഴ്സുമാരുടെ സേവനവും ആരോഗ്യവകുപ്പ് ലഭ്യമാക്കിയിട്ടുണ്ട്.

ചരൽമേട് ആശുപത്രിയിൽ 24 മണിക്കൂർ വൈദ്യസഹായം ലഭിക്കും. നിലക്കൽ പ്രാഥമികാരോഗ്യകേന്ദ്രത്തിൽ പുലർച്ചെ മൂന്നു മുതൽ ഏഴ് വരെയും ഉച്ചയ്ക്ക് ഒന്നു മുതൽ അഞ്ച് വരെയും കോവിഡ് ടെസ്റ്റിനുള്ള വാക്കിംഗ് സ്ക്രീനിംഗ് കിയോസ്ക് (വിസ്ക്) സൗകര്യം, കോവിഡ് പ്രോട്ടോകോൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താനായി മൂന്ന് ഹെൽത്ത് ഇൻസ്പെക്ടർമാർ, ശബരിമല, നിലയ്ക്കൽ എന്നിവിടങ്ങളിലായി ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റിന്റെ സേവനം എന്നിവ സജ്ജകരിച്ചിട്ടുണ്ട്.

നിലയ്ക്കൽ, പമ്പ എന്നിവിടങ്ങളിൽ ആറ് ആംബുലൻസ്, ഇലവുങ്കൽ, റാന്നി -പെരുനാട് എന്നിവിടങ്ങളിൽ ഒന്നു വീതവും, പത്തനംതിട്ട ജില്ലാ ആശുപത്രിയിൽ നാല് ആംബുലൻസും, എരുമേലിയിൽ രണ്ട് ആംബുലൻസും സജ്ജീകരിച്ചിട്ടുണ്ട്.

ശബരിമല സീസണിൽ വിവിധ ആശുപത്രികളിൽ ഡ്യൂട്ടിക്കായി ജില്ലയിലെ സ്വകാര്യ ആശുപത്രികളിലെ ഡോക്ടർമാരുടെയും, ഇതരസംസ്ഥാനത്തെ അയ്യപ്പഭക്തരായ ഡോക്ടർമാരുടെയും സേവനം അഭ്യർഥിച്ചിട്ടുണ്ട്. പുഷ്പഗിരി മെഡിക്കൽ കോളജ് , ബിലീവേഴ്സ് ചർച്ച് മെഡിക്കൽ കോളജ് എന്നിവിടങ്ങളിൽ നിന്നുള്ള ഡോക്ടർമാരുടെ സേവനവും ലഭ്യമാകും. തീർഥാടകരും, ജീവനക്കാരും, തൊഴിലാളികളും 24 മണിക്കൂറിനുള്ളിൽ ടെസ്റ്റ് ചെയ്ത കോവിഡ്-19 നെഗറ്റീവ് റിപ്പോർട്ട് കൊണ്ടുവരണം.

കോവിഡ് വ്യാപനം തടയുന്നതിനായി തീർഥാടകർക്ക് അവബോധം നൽകുന്നതിനുള്ള കരുതലോടെ ശരണയാത്ര ക്യാമ്പയിന്റെ ഭാഗമായി വിവിധ ഭാഷകളിലുള്ള സന്ദേശങ്ങൾ അടങ്ങിയ ബോർഡുകൾ, ബാനറുകൾ തുടങ്ങിയവ നിലയ്ക്കൽ, പമ്പ, തീർഥാടന പാത എന്നിവിടങ്ങളിൽ സ്ഥാപിക്കുമെന്നും ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) അറിയിച്ചു.

***(പി.ആർ. ശബരി-5)***

**ഫോട്ടോ അടിക്കുറിപ്പ്: ശബരിമല ഹെൽത്ത്:-**

ശബരിമല മണ്ഡല-മകരവിളക്ക് മഹോത്സവത്തോട് അനുബന്ധിച്ച് ആരോഗ്യവകുപ്പ് ഒരുക്കുന്ന സേവനങ്ങൾ വിശകലനം ചെയ്യുന്നതിനായി ആരോഗ്യവകുപ്പ് ഡയറക്ടർ ഡോ.ആർ.എൽ. സരിതയുടെ നേതൃത്വത്തിൽ പമ്പ ഗവ.ആശുപത്രിയിൽ അവലോകന യോഗം ചേർന്നപ്പോൾ.

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| നവംബർ NOVEMBER | 16 | 2020 |
|---|---|---|

## ശബരിമല പത്രക്കുറിപ്പ്–5

ഫോൺ : 04735–202664
www.prd.kerala.gov.in, prdnewssabarimala2021@gmail.com

---

### ശബരിമലയിലെ നാളത്തെ (17.11.20) ചടങ്ങുകൾ...

5 മണിക്ക്.... നട തുറക്കൽ
5.05 ന്..... അഭിഷേകം
5.30 ന് ...ഗണപതി ഹോമം
7 മണി മുതൽ 11 മണി വരെ നെയ്യഭിഷേകം
7.30 ന് ഉഷപൂജ
8 മണി മുതൽ ഉദയാസ്തമന പൂജ
11.30 ന് 25 കലശാഭിഷേകം
തുടർന്ന് കളഭാഭിഷേകം
12 ന് ഉച്ചപൂജ
1 മണിക്ക് നട അടയ്ക്കൽ
4 മണിക്ക് ക്ഷേത്രനട തുറക്കും
6.30 ....ദീപാരാധന
7 മണിക്ക് .....പടിപൂജ
8.30 മണിക്ക് ....അത്താഴപൂജ
9 മണിക്ക് ഹരിവരാസനം സങ്കീർത്തനം പാടി ശ്രീകോവിൽ നട അടയ്ക്കും.

*(പി.ആർ. ശബരി–6)*

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.